പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6170** **20.11.2019 ൽ മറുപടിയ്ക്ക്**

## കോതമംഗലം മണ്ഡലത്തിലെ മലയോര ഹൈവേയ്ക്ക് വനം വകുപ്പ് അനുമതി

| | ചോദ്യം<br>ശ്രീ. ആന്റണി ജോൺ | | മറുപടി<br>അഡ്വ. കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നിർദ്ദിഷ്ട മലയോര ഹൈവേയുടെ കോതമംഗലം മണ്ഡലത്തിലൂടെ കടന്ന് പോകുന്ന തടസ്സപ്പെട്ട് കിടന്നിരുന്ന പണി പുനരാരംഭിച്ചെങ്കിലും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് തടസ്സം സൃഷ്ടിച്ചിരിക്കുന്നതിനാൽ പ്രവൃത്തി മുന്നോട്ടുകൊണ്ട് പോകുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോതമംഗലം ഫോറസ്റ്റ് ഡിവിഷനിൽ കൂടെ കടന്നു പോകുന്ന മലയോര ഹൈവേയ്ക്ക് വേണ്ടി പ്രൊപ്പോസ് ചെയ്തിരുന്ന വനത്തിലൂടെയുള്ള അലൈൻമെന്റ് അഭിലഷണീയമല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. NH 85 ഇതുവഴി കടന്നു പോകുന്നതിനാൽ 3.24 ഹെക്ടർ വനഭൂമി മറ്റൊരു റോഡിനു വേണ്ടി വിട്ടു നൽകേണ്ട ആവശ്യമില്ല. പ്രൊപ്പോസ് ചെയ്ത അലൈൻമെന്റ് NH85 ന്റെ ഒരു പോയിന്റിൽ നിന്നും മറ്റൊരു പോയിന്റിലേക്ക് ഒരു ലൂപ്പ് രൂപത്തിൽ ബന്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് ദൂരം കൂടുതൽ ആകുന്ന അലൈൻമെന്റാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇതുമൂലം ആറാം മൈൽ മുതൽ കുറത്തിക്കുടി വരെ വരുന്ന 16 കി.മീ ദൂരത്തിൽ 9 കി.മീ ദൂരം മാത്രമേ റോഡ് നിർമ്മാണം നടന്നിട്ടുള്ളൂ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | ആറാം മൈൽ - കുറത്തിക്കുടി - എളബ്ലാശ്ശേരി - മാങ്കുളം - കല്ലാർ അലൈൻമെന്റ് മലയോര ഹൈവേയ്ക്കായി പ്രൊപ്പോസ് ചെയ്തിരിക്കുന്നത് NH 85 ന്റെ ആറാം മൈൽ പോയിൻറ് മുതൽ കല്ലാർ വരെ നിലവിലുള്ള റോഡിന് ബന്ധിപ്പിക്കാനായിട്ടാണ്. NH85 കുറഞ്ഞ ദൂരത്തിൽ നിലവിലുള്ളതിനാൽ ഈ വനത്തിലൂടെയുള്ള അലൈൻമെൻറ് അഭിലഷണീയമല്ല. നിർദ്ദിഷ്ട അലൈൻമെന്റിൽ റോഡ് പണികൾ പൂർത്തിയാക്കാനായി 22.40 ഹെക്ടർ വനഭൂമി ആവശ്യമാണ്. ഇടതൂർന്ന മഴക്കാടുകളും ഈറ്റക്കാടുകളും ഉൾക്കൊള്ളുന്ന പരിസ്ഥിതി ലോല പ്രദേശവും ആനകൾ സ്ഥിരമായി കണപ്പെടുന്ന വനഭൂമിയുമാണ്. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയാൽ വന്യജീവികളുടെ ആവാസ വ്യവസ്ഥക്ക് കോട്ടം തട്ടുകയും അവയുടെ ആക്രമണം മൂലം അതിനുസമീപം താമസിക്കുന്ന ജനങ്ങളുടെ ജീവന് ഭീഷണിയാകാൻ സാധ്യതയുണ്ട്. ആയതിനാൽ പ്രസ്തുത അലൈൻമെന്റ് അനുവദിക്കുവാൻ സാധിക്കുകയില്ലായെന്ന് മലയോര ഹൈവേ നിർമ്മാണ ഏജൻസികളെ അറിയിച്ചിട്ടുള്ളതാണ്. |
| (സി) | ആറാം മൈൽ മുതൽ എളബ്ലാശ്ശേരി കമ്യൂണിറ്റി ഹാൾ വരെയുള്ള 9 കി.മീ. ദൂരം കഴിഞ്ഞ് കുറത്തിക്കുടി വരെ വരുന്ന 7 കി.മീ. ദൂരത്തെ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്നതിന്റെ കാരണവും ഇതാണോയെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (ഡി) | കോതമംഗലം മണ്ഡലത്തിൽ ഇനി പൂർത്തീകരിക്കാനുള്ള എളമ്പ്ലാശ്ശേരി മുതൽ കുറത്തിക്കുടി വരെയുള്ള നിർമ്മാണം കൂടി പൂർത്തീകരിച്ചാൽ പ്രസ്തുത മലയോര ഹൈവേ സഞ്ചാര യോഗ്യമാകുമെന്നത് കണക്കിലെടുത്ത്, സാങ്കേതിക പ്രശ്നങ്ങളും മറ്റ് തടസ്സങ്ങളും മാറ്റി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനു വേണ്ട നടപടി വനം വകുപ്പ് സ്വീകരിക്കുമോ, വിശദമാക്കാമോ? | (ഡി) | മേൽ മറുപടികളുടെ വെളിച്ചത്തിൽ, എളമ്പ്ലാശ്ശേരി മുതൽ കുറത്തിക്കുടിവരെയുള്ള വനത്തിലൂടെയുള്ള ടി നിർദ്ദിഷ്ട റോഡ് അനുവദിക്കുവാൻ കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ